ഷൺ പാലക്കാട് മണി അയ്യർ, സി.എസ്. കൃഷ്ണയ്യർ തുടങ്ങിയ ആളുകൾക്കെല്ലാം ജന്മം നൽകിയ പ്രദേശമാണ് പാലക്കാട്. പാലക്കാട് കല്പാത്തി രഥോൽസവവും അതോടനുബന്ധിച്ചുള്ള സംഗീതോൽസവവും വളരെ പ്രശസ്തമാണ്. മഹത്തായ സംഗീത പാരമ്പര്യവും കലാ പൈതൃകവുമുള്ള പാലക്കാട് ജില്ലയിലെ ചെമ്പൈ സ്മാരക സർക്കാർ സംഗീത കോളേജിന് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, തൃപ്പൂണിത്തുറ ആർ.എൽ.വി. സംഗീത കോളേജിനും തിരുവനന്തപുരം സംഗീത കോളേജിനും 5.12.1998-ലെ ജി.ഒ. പ്രകാരം അഫിലിയേഷൻ നൽകിയ സമയത്ത് കോഴിക്കോട് സർവ്വകലാശാലയിൽനിന്നും പാലക്കാട് ചെമ്പൈ സ്മാരക സംഗീത കോളേജിന് അഫിലിയേഷൻ നൽകുന്നതിനുള്ള ശുപാർശ ഗവൺമെന്റിന് ലഭിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ 28.9.1999-ൽ ബി.എ. സംഗീത കോഴ്സ് തുടങ്ങുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടുണ്ട്. ഉടനെതന്നെ അഫിലിയേഷൻ നൽകുന്നതാണ്.

(7) നിലമ്പൂരിലെ വടപുരം വള്ളിക്കെട്ട് പ്രദേശങ്ങളിൽ കർഷകർ നികുതിയടയ്ക്കാൻ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. എൻ. കണ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മമ്പാട് വില്ലേജിലെ കർഷകരുടെ പ്രശ്നങ്ങളാണ് ഗവൺമെന്റിന്റെ മുൻപിൽ കൊണ്ടു വരുന്നത്. പത്തെഴുപത്തിയഞ്ച് കൊല്ലമായി ആളുകൾ അവിടെ താമസിച്ചു കൊണ്ടിരിക്കുകയാണ്. വില കൊടുത്ത് വാങ്ങിയ രണ്ടേക്കർ-മൂന്നേക്കർ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന കർഷകർ വില്ലേജാഫീസിൽ നികുതിയടയ്ക്കുവാൻ ചെല്ലുമ്പോൾ അവിടെ നികുതി എടുക്കുന്നില്ല എന്നുമാത്രമല്ല അവർ ഒഴിപ്പിക്കൽ ഭീക്ഷണി നേരിട്ടുകൊണ്ടിരിക്കുകയുമാണ്. അതിന് ഹൈക്കോടതിയിൽ കർഷകരുടെ പേരിൽ കേസ് വന്നപ്പോൾ ഈ വിവരം കർഷകർക്ക് ലഭിക്കുകയും ചെയ്തില്ല. ആയതുകൊണ്ട് കേസ്സിൽ കക്ഷി ചേരാനോ, ഇവരുടെ ഭൂമിയുടെ സത്യാവസ്ഥ ബഹു. ഹൈക്കോടതിയെ ബോധ്യപ്പെടുത്താനോ കഴിയുന്നില്ല. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് വില്ലേജാഫീസിൽ കർഷകരിൽനിന്ന് നികുതിയെടുക്കണമെന്നാണ് ഗവൺമെന്റിൽനിന്നും ഇപ്പോൾ ഒട്ടനവധി ആനുകൂല്യങ്ങൾ ഉണ്ട്. ഗ്രാമപഞ്ചായത്തിൽക്കൂടിയും ജനകീയാസൂത്രണത്തിൽക്കൂടിയും കിട്ടേണ്ട ആനുകൂല്യങ്ങൾ പൂർണ്ണമായും കർഷകർക്ക് നിഷേധിക്കുകയാണ്. ആ ആനുകൂല്യങ്ങൾ പൂർണ്ണമായും അവർക്ക് കിട്ടണമെങ്കിൽ കർഷകരിൽനിന്നും നികുതിയെടുക്കുകയും ഈ കേസ് റിവ്യൂ ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണം. ഹൈക്കോടതിയിൽ നിന്ന് വിധി പറഞ്ഞ കേസ് പരിശോധിക്കാനും, അങ്ങനെ കേസ്സിൽ കക്ഷി ചേരാനും കഴിയുകയുള്ളൂ. അതിന് ഗവൺമെന്റ് ഇടപെടണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, നിലമ്പൂർ താലൂക്കിലെ മമ്പാട് വില്ലേജിൽ വടപ്പുരം, വള്ളിക്കെട്ട് പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ഭൂനികുതി സ്വീകരിക്കാത്തത് ഈ ഭൂമി എസ്.ആർ. 132/97 നമ്പറായി ഇരഞ്ഞിക്കൽ മുഹമ്മദ് എന്നയാളുടെ സീലിംഗ് കേസിൽ ഉൾപ്പെട്ട മിച്ച ഭൂമിയായി പ്രഖ്യാപിച്ചതുകൊണ്ടാണ്. ഇപ്പോൾ ഈ ഭൂമിയെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly.

ഹൈക്കോടതിയിൽ കേസ് കിടക്കുകയാണ്. ഇപ്പോഴത്തെ കൈവശക്കാരുടെ കാര്യത്തിൽ ഗവൺമെന്റിന് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് താൽപ്പര്യ മുണ്ടെങ്കിൽതന്നെ ഹൈക്കോടതിയിലെ ഈ കേസിൽ തീരുമാനമാകാതെ നിർവ്വാഹമില്ലാത്ത ഒരവസ്ഥയുണ്ട്. കഴിയുന്നതുംവേഗം ഹൈക്കോടതിയുടെ കേസിൽ തീരുമാനമുണ്ടായാൽ ഈ കൈവശക്കാരുടെ കാര്യത്തിൽ ആവശ്യ മായ നടപടികൾ ഗവൺമെന്റ് ഉടനെ സ്വീകരിക്കുന്നതാണ്.

(8) 'സിൽക്കിന്' ഹൈഡ്രോപവർ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് അനുവാദം

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, നഷ്ടത്തിൽ പ്രവൃത്തിക്കുന്ന നമ്മുടെ പൊതുമേഖലാ സ്ഥാപനമായ Steel Industries of Kerala യുടെ പ്രവർത്തനം ലാഭകരമായി നടത്തുന്നതിനുള്ള ഒരു മാർഗ്ഗമാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നത്. 1998-ൽ കേരള സർക്കാരും കെ.എസ്.ഇ.ബി.യും ചൈനയിലെ Hanzu International Centre and International Network on Small Hydro Power ഉം ചേർന്ന് ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ചൈനീസ് സാങ്കേതികവിദ്യയുപയോഗിച്ച് കേരളത്തിൽ 18 ചെറു കിട ഹൈഡ്രോ പ്രോജക്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഈ ധാര ണാപത്രത്തിൽ ഒപ്പുവച്ചത്. അതേവർഷം തന്നെ ചൈനയിലെ അതേ കമ്പനി യുമായി 'സിൽക്ക്' മറ്റൊരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. 'സിൽക്ക്' ഇന്ത്യയിൽ ചൈനീസ് സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ചെറുകിട ഹൈഡ്രോ പ്രോജക്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയിട്ടാണ് അതേ കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചത്. ആ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ 'സിൽക്കിനെ' Implementing agent ആയി നിയമിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സർക്കാരിനും കെ.എസ്.ഇ.ബിക്കും 'സിൽക്ക്' ഒരു അപേക്ഷ കൊടു ത്തു. ആ അപേക്ഷ അനുവദിക്കാതിരുന്നതിന് കാരണം പറഞ്ഞത് ചൈനീസ് കമ്പനിയുമായി ഉണ്ടാക്കിയ ധാരണാപത്രത്തിൽ ചൈനയിൽനിന്ന് അവരുടെ എക്യൂപ്മെന്റ്സ് വാങ്ങി ഉപയോഗിക്കണമെന്നതാണ്. 'സിൽക്ക്' അതേ വ്യവസ്ഥ പാലിക്കുവാൻ തയ്യാറാണ്. 'സിൽക്ക്' വീണ്ടും പവർ സെക്രട്ടറിക്ക് കൊടുത്ത അപേക്ഷയിൽ ചൈനയിലെ അതേ കമ്പനിയിൽനിന്നുതന്നെ എക്യൂപ്മെന്റ്സ് വാങ്ങി Turn-key വ്യവസ്ഥയിൽ implementing agent ആയി പ്രവർത്തിക്കാം എന്നാണ് ആവശ്യപ്പെടുന്നത്. പെപ്പാറയിലെ പവർ പ്രോജക്ട് നിർമ്മിച്ചത് ഈ സിൽക്കാണ്. കൂടാതെ തമിഴ്നാട്ടിലെ തീൻമൂർത്തി പ്രോജക്ടും നിർമ്മിച്ചത് അവരാണ്. യു.പി.യിലും നിർമ്മിച്ചു. ഈ ധാര ണാപത്രം ഒപ്പിട്ടുവെങ്കിലും കെ.എസ്.ഇ.ബി., കരാർ ഒപ്പിട്ടിട്ടില്ല. ചൈനീസ് സംഘടനയുമായി കരാർ ഒപ്പിട്ടിട്ടില്ല. അപ്പോൾ കരാർ ഒപ്പിടുന്നതിനുമുമ്പായി കെ.എസ്.ഇ.ബി. ഈ സിൽക്കിനെ ഇംപ്ലിമെന്റിംഗ് ഏജന്റായി നിയമിക്കാമോ യെന്ന് ചൈനയിലെ ഈ സ്ഥാപനവുമായി സംസാരിക്കുകയാണെങ്കിൽ തീർച്ചയായിട്ടും ചൈനയിലെ സ്ഥാപനം അത് അനുവദിക്കുമെന്നാണ് തോന്നുന്നത്. കാരണം സിൽക്ക് അവരുമായി നേരിട്ട് സംസാരിച്ചിട്ടുണ്ട്. അതു കൊണ്ട് ഈ കരാർ ഒപ്പിടിക്കുന്നതിനുമുമ്പായി അപ്രകാരം ഒരു സാഹചര്യമു ണ്ടാക്കുന്നതിന് ബഹു. മന്ത്രി നേതൃത്വം കൊടുത്ത് അവരുമായി ചർച്ച ചെയ്യു വാനുള്ള അവസരമുണ്ടാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കേരള സർക്കാരും കെ.എസ്.ഇ.ബി.യും ചേർന്ന് ചൈനയിലെ എച്ച്.ഐ.സി.,

LIBRARY ARCHIVES Kerala Legislative Assembly